**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 18.06.2018-ൽ |
| ചോദ്യം നമ്പർ - T 2699 | മറുപടിയ്ക്ക് |

## എറണാകുളം ജില്ലയിൽ തീരദേശ റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ വർദ്ധിച്ചു വരുന്ന കായൽ - പുഴ കൈയേറ്റങ്ങൾ കണക്കിലെടുത്ത് തുടർ കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിനും കായലുകളും പുഴകളും സംരക്ഷിക്കുന്നതിനും കൈയേറ്റ ഭൂമി വിനിയോഗിച്ച് സാധാരണക്കാർക്ക് ഉപദ്രവമില്ലാത്ത രീതിയിൽ തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) കായൽ - പുഴ കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിനും, കൈയേറ്റ ഭൂമി വിനിയോഗിച്ച് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള പ്രായോഗികത പരിശോധിച്ച് പഠനം നടത്തിയാൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. |
| (ബി) പശ്ചിമ കൊച്ചി മേഖലയിലെ പുഴകളിലും കായലുകളിലും അടിഞ്ഞു കൂടിയിട്ടുള്ള ചളിയും എക്കലും ഉപയോഗിച്ച് ഇടക്കൊച്ചി, തോപ്പുംപടി, തേവര ഭാഗങ്ങളിൽ തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനും ജനവാസ കേന്ദ്രങ്ങളിൽ വെള്ളം പൊങ്ങുന്നത് തടയുന്നതിനും ആവശ്യമായ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഇതു സംബന്ധിച്ച് ശാസ്ത്രീയ നിർമ്മാണ രീതി അവലംബിക്കുന്നതിന് പഠനം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ